(ഡി) ദേശിയ പുനരർപ്പണദിനത്തിന്റെ ഭാഗമായുള്ള പണികളുടെ സംസ്ഥാനതല ഉദ്ഘാടനമാണ് പ്രധാനമന്ത്രി നിർവ്വഹിച്ചത്.

(ഇ) സ്കീം അംഗീകരിക്കുകയും ടെൻണ്ടർ വിളിക്കുകയും ചെയ്തു.

122 (1348) ആലപ്പുഴ നഗരത്തിലെ കനാലുകൾ ശുദ്ധീകരിക്കുന്നതിന് നടപടി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ ശുദ്ധീകരിക്കുന്നതിനും തീരങ്ങൾ മനോഹരമായി സംരക്ഷിക്കുന്നതിനുമായി ആലപ്പുഴ എം.എൽ.എ. സർക്കാരിനു സമർപ്പിച്ച 'കനാലുകളിലൂടെ ആലപ്പുഴയുടെ പുനരുദ്ധാരണം' എന്ന പ്രോജക്ട് റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യം ചർച്ചചെയ്തു തീരുമാനിക്കുന്നതിനായി വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം വിളിച്ചു കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ എം. എൽ.എ. സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ബി) പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചതിനുശേഷം ഉന്നതതല യോഗം വിളിച്ചു ചേർക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

123 (1349) പദ്ധതി ഗ്രാന്റ്

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99-ൽ പദ്ധതി നിർവഹണം 75 ശതമാനം എത്താത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നാണ്ടത്തെ അവശേഷിക്കുന്ന പദ്ധതി ഗ്രാന്റ് നഷ്ടപ്പടുമെന്ന് കാണിക്കുന്ന സർക്കാർ ഉത്തരവ് പ്രാബല്യത്തിലുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവിറങ്ങിയ തീയതിയും അതിന്റെ ഉള്ളടക്കവും വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവ് പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ ഉത്തരവു പ്രകാരം എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം തന്നാണ്ടിൽ നഷ്ടപ്പെടുമെന്നറിയിക്കുമോ;

(ഇ) ഇപ്രകാരം നഷ്ടപ്പെടുന്ന തുക എത്ര വരുമെന്ന് അറിയിക്കുമോ;

(എഫ്) ഇപ്രകാരം തുക നഷ്ടപ്പെടുന്ന ലോക്കൽ ബോഡികളുടെ എണ്ണവും നഷ്ടപ്പെടുന്ന ആകെ തുകയും ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) 6.8.97-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) 676/97/ധന നമ്പർ സർക്കാർ ഉത്തരവു പ്രകാരം മിനിമം ചിലവഴിക്കേണ്ട 90% തുകയിൽ എത്ര കുറച്ചാണോ യഥാർത്ഥത്തിൽ ചെലവഴിച്ചത്. ആ കുറവ് വന്ന തുക അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിന്റെ ആദ്യ ഗഡുവിൽനിന്ന് കുറക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 23-2-99-ലെ സ.ഉ.(ന) 616/99/ധന നമ്പർ ഉത്തരവു പ്രകാരം മിനിമം ചെലവഴിക്കേണ്ട 90 ശതമാനം, 75 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി),(ഇ)&(എഫ്) വിവരങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നതേയുള്ളൂ. നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ ഒന്നാം ഗഡു എല്ലാ സ്ഥാപനങ്ങൾക്കും നല്കിക്കഴിഞ്ഞാൽ മാത്രമേ പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ.

124 (1350) ആഡിറ്റ് കമ്മീഷൻ

ശ്രീ. പി.ജെ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി 'ആഡിറ്റ് കമ്മീഷൻ' രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ഏത് വകുപ്പിന്റെ കീഴിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പരിഗണനയിലുള്ള ആഡിറ്റ് കമ്മീഷന്റെ ഘടനയെ സംബന്ധിച്ചുള്ള പൂർണ്ണരൂപം വിശദീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ് നിർവ്വഹിക്കുന്ന ഏതെല്ലാം ഏജൻസികളെയാണ് നിർദ്ദിഷ്ട ആഡിറ്റ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പ്

(ബി)&(സി) 1214 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആഡിറ്റ് ചെയ്യാൻ വേണ്ടി ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് സ്വതന്ത്ര ആഡിറ്റ് കമ്മീഷൻ. ഈ ആവശ്യത്തിന്വേണ്ടി 1994-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് ഭേദഗതി ചെയ്യേണ്ടതുണ്ട്. അതിന് വേണ്ടി വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ അധികാരവികേന്ദ്രീകരണ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

125 (1351) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly